**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 669** **02-02-2023 - ൽ മറുപടിയ്ക്ക്**

**കോട്ടയം ടെക്സ്റ്റയിൽസിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ കടുത്തുരുത്തി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കോട്ടയം ടെക്സ്റ്റയിൽസിന്റെ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ; | (എ) | വൈദ്യുതി ബന്ധം വിച്ഛേദിച്ചതു മൂലം 2020 ഫെബ്രുവരി 7-ാം തീയതി ലേ ഓഫ് ചെയ്തു. തുടർന്ന് സ്ത്രീ തൊഴിലാളികൾ ഷിഫ്റ്റ് ജോലി ചെയ്യുന്നതിലുള്ള തർക്കം കാരണം ലേ ഓഫ് നീണ്ട് പോയി. ഷിഫ്റ്റ് തർക്കം പരിഹരിച്ച് 2021 നവംബർ 15 മുതൽ ഭാഗികമായി പ്രവർത്തനം ആരംഭിച്ചു. അസംസ്കൃത വസ്തുക്കളുടെ വില വർദ്ധന കാരണം മില്ലിന്റെ സാമ്പത്തിക സ്ഥിതി താളം തെറ്റുകയും 2022 ജനുവരി മുതൽ ബാധ്യതകൾ കൊടുത്തു തീർക്കാൻ കഴിയാതെ വരികയും ചെയ്തു. തുറന്ന് പ്രവർത്തനം തുടങ്ങിയതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷത്തിൽ 34.48 ശതമാനം പ്രവർത്ത നക്ഷമത കൈവരിക്കുകയും 2.8 കോടി രൂപയുടെ വിറ്റ് വരവ് നേടുകയും ചെയ്തിരുന്നു. ഈ സാമ്പത്തിക വർഷത്തിൽ ഡിസംബർ മാസം വരെ 56.99 ശതമാനം പ്രവർത്തനക്ഷമതയും 9.74 കോടി രൂപയുടെ വിറ്റുവരവും കൈവരിച്ചിട്ടുണ്ട്. |
| (ബി) | കമ്പനിയുടെ വൈദ്യുതി കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കുടിശ്ശിക അടച്ചുതീർക്കാൻ മാനേജ്മെന്റ് എന്ത് നടപടിയാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | കോട്ടയം ടെക്സ്റ്റൈൽസിലെ വൈദ്യുതി ചാർജ് കുടിശ്ശിക 438.17 ലക്ഷം രൂപയാണ്. ഇതിൽ 390.50 ലക്ഷം രൂപ പഴയ കുടിശ്ശിക നിലനിൽക്കെ അതത് മാസങ്ങളിലെ വൈദ്യുതി ചാർജ് അടച്ചു തീർക്കണമെന്ന് കെ.എസ്.ഇ.ബിയുമായുള്ള ചർച്ചയിൽ തീരുമാനിച്ചെങ്കിലും 2022 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ വൈദ്യുതി ചാർജ് ഭാഗികമായി മാത്രമേ അടയ്ക്കാൻ സാധിച്ചിട്ടുള്ളൂ. കോട്ടയം ടെക്സ്റ്റൈൽസിന്റെ വൈദ്യുതി കുടിശ്ശിക പന്ത്രണ്ട് മാസത്തവണയായി അടച്ചു തീർക്കുന്നതിനുള്ള അനുമതിയ്ക്കായി സ്ഥാപനം കെ.എസ്.ഇ.ബി യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യം പൂർണ്ണമായി കൊടുത്തുതീർക്കുവാൻ കമ്പനിക്ക് | (സി) | കോട്ടയം ടെക്സ്റ്റൈൽസിലെ തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യം മുഴുവനായി |

| | | | |
|---|---|---|---|
| | കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | | നൽകിയിട്ടില്ല. 2021 നവംബർ 15ന് മിൽ തുറന്ന് പ്രവർത്തനം തുടങ്ങി യതിന് ശേഷം 14 പേർക്ക് 32,03,630/- രൂപയുടെ റിട്ടയർമെന്റ് ആനുകൂല്യം മുഴുവനായും നൽകിയിട്ടുണ്ട്. പിരിഞ്ഞു പോയ 22 പേർക്ക് ആനുകൂല്യങ്ങൾ നൽകുവാനുണ്ട്. |
| (ഡി) | എത്ര തൊഴിലാളികൾക്ക് റിട്ടയർമെന്റ് ആനുകൂല്യം നൽകാനുണ്ടെന്നും ആയത് എന്ന് കൊടുത്തു തീർക്കുവാൻ സാധിക്കുമെന്നും അറിയിക്കാമോ; | (ഡി) | 22 തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ഇനത്തിൽ 49.07 ലക്ഷം രൂപ നൽകുവാനുണ്ട്. മില്ലിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് മുൻഗണനാ ക്രമ ത്തിൽ റിട്ടയർമെന്റ് ആനുകൂല്യം കൊടുത്ത് തീർക്കുന്നതിനു ശ്രമിക്കുന്നതാണ്. |
| (ഇ) | മില്ലിന്റെ പ്രവർത്തനത്തിന് വേണ്ട അസംസ്കൃത വസ്തുക്കൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നറിയിക്കാമോ; | (ഇ) | കോട്ടയം ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ പൊതു-സഹകരണ മേഖലയിലെ സ്പിന്നിംഗ് മില്ലുകൾക്കാവശ്യമായ അസംസ്കൃത വസ്തുവായ കോട്ടൺ വിളവെടുപ്പ് സീസണിൽതന്നെ അധിക അളവിൽ വാങ്ങുന്ന നടപടികൾക്കായി സർക്കാർ കോട്ടൺ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. |
| (എഫ്) | മില്ലിൽ ആവശ്യമായ ഉൽപാദനം നടക്കുന്നുണ്ടോയെന്നും ഉൽപ്പന്നങ്ങളുടെ വിപണനം നല്ല രീതിയിൽ നടക്കുന്നുണ്ടോയെന്നും അറിയിക്കാമോ; | (എഫ്) | മില്ലിൽ ഉല്പാദനം നടക്കുന്നുണ്ട്. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത മൂലം നിലവിൽ ആഴ്ചയിൽ 6 ദിവസം മാത്രമാണ് മിൽ പ്രവർത്തിക്കുന്നത്. മില്ലിലെ ഉല്പന്നങ്ങൾക്ക് ഗുണമേന്മയുള്ളതിനാൽ വിൽപ്പനയിൽ മറ്റ് തടസ്സങ്ങളില്ല |
| (ജി) | പ്രസ്തുത മിൽ ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ജി) | കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണം എന്ന പദ്ധതി അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം പരി ശോധിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിനു കേരള സ്റ്റേറ്റ് ടെക്സ് റ്റൈൽ കോർപ്പറേഷന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ